മന്ത്രി		ചെലവഴിച്ച തുക
12. ഗതാഗത വകുപ്പുമന്ത്രി, ശ്രീ. കെ. ബി. ഗണേഷ്കുമാർ 17-5-2001 മുതൽ 7-3-2003 (മുൻ ഗതാഗത വകുപ്പുമന്ത്രി)	..	3,15,502
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള, ഗതാഗത വകുപ്പുമന്ത്രി 10-3-2003 മുതൽ 31-12-2003	..	55,714
ആകെ	..	3,71,216
13. ശ്രീ. ജി. കാർത്തികേയൻ, ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി	..	6,29,897
14. ശ്രീ. എം. എം. ഹസ്സൻ, ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി	..	6,92,595
15. ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി	..	8,52,518
16. ഡോ. എം. കെ. മുനീർ, മരാമത്തു വകുപ്പുമന്ത്രി	..	10,61,009
17. ഡോ. എം. എ. കുട്ടപ്പൻ, പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി	..	6,24,044
18. പ്രൊഫ. കെ. വി. തോമസ്, ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി	..	8,34,293
19. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി	..	11,43,999
20. ശ്രീമതി കെ. ആർ. ഗൗരി അമ്മ, കൃഷിവകുപ്പുമന്ത്രി	..	4,03,652

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ലോക മലയാളി സമ്മേളനം

3 [3] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടനിൽ നടന്ന ലോക മലയാളി സമ്മേളനത്തിലും അനുബന്ധ പരിപാടികളിലും ഏതെല്ലാം മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്തു എന്ന് വെളിപ്പെടുത്തുമോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരിപാടിയുടെയോ അനുബന്ധ പരിപാടികളുടെയോ നടത്തിപ്പിനായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക ഏതൊക്കെ ആവശ്യത്തിനാണ് എന്ന് വ്യക്തമാക്കുമോ;

(സി) പരിപാടിയുടെ സംഘാടകരിൽ ആരെയെങ്കിലും സി. ബി. ഐ. അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കേരള പോലീസ് പ്രസ്തുത വ്യക്തിയുടെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) അന്താരാഷ്ട്രതലത്തിൽ നടക്കുന്ന പരിപാടികളിൽ മന്ത്രിമാരും ബന്ധപ്പെട്ടവരും പങ്കെടുക്കുന്നതിനു മുമ്പ് സംഘാടകരെക്കുറിച്ച് അന്വേഷണം നടത്താറുണ്ടോ; എങ്കിൽ ഏതുതരം അന്വേഷണം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലണ്ടനിൽ നടന്ന ഗ്ലോബൽ കേരള ഫെസ്റ്റിൽ നോർക്ക വകുപ്പിനെ പ്രതിനിധീകരിച്ച് മന്ത്രി ശ്രീ. എം. എം. ഹസ്സനും, സെക്രട്ടറി ശ്രീ. ജിജി തോംസനും പങ്കെടുത്തിരുന്നു. മന്ത്രിമാരായ ശ്രീ. ചെർക്കളം അബ്ദുള്ള, ശ്രീ. എം. വി. രാഘവൻ എന്നിവരും പങ്കെടുത്തു. നോർക്ക വകുപ്പുമന്ത്രിക്കും സെക്രട്ടറിക്കും സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. മറ്റുവകുപ്പുകളിൽ നിന്നും പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) പന്ത്രണ്ടു പേരടങ്ങിയ സാംസ്കാരിക സംഘത്തെ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനായി നിയോഗിച്ചിരുന്നു. അതിനായി ടൂറിസം വകുപ്പ് 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. നോർക്ക വകുപ്പിൽ നിന്ന് യാതൊരു ധനസഹായവും നൽകിയിട്ടില്ല.

(സി) ലണ്ടനിൽ നടന്ന ഗ്ലോബൽ കേരള ഫെസ്റ്റിവൽ സംഘാടകരിൽ ആരേയും അറസ്റ്റുചെയ്തതായി അറിവില്ല. എന്നാൽ, ഫെസ്റ്റിവലിന്റെ ഇന്ത്യയിലെ സംഘാടക സമിതിയുടെ ചെയർമാനായ ശ്രീ. എ. ജെ. കെ. ഫെർണാണ്ടസിനെ 3-11-2003-ൽ വഞ്ചനാകുറ്റം ചുമത്തി സി. ബി. ഐ. അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ അറസ്റ്റിനു ആസ്പദമായ കേസിന് ഫെസ്റ്റിവലുമായി യാതൊരു ബന്ധവുമില്ല.

(ഡി) ഇല്ല.

(ഇ) അന്താരാഷ്ട്രതലത്തിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുന്നതിന് മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കും കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. വിദേശകാര്യ മന്ത്രാലയം വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികളുമായി ബന്ധപ്പെട്ടതിനുശേഷമാണ് ഇത്തരം അനുമതി നൽകുന്നത്. അവരാണ് സംഘാടകരേയും സമ്മേളനത്തേയും കുറിച്ചുള്ള അന്വേഷണം നടത്താറുള്ളത്. സംസ്ഥാന ഗവൺമെന്റ് നേരിട്ട് അന്വേഷിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly